₹ 5/-

# റിയൽ ലൈഫ് വോയ്സ്

R E A L   L I F E   V O I C E

Monthly

Volume 12
Issue 11

**May 2024**

pages 24

"സർവസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. ആത്മാവെന്ന ആദ്യ ദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീര ത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാ ത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. പ്രത്യാശ യാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്."

**(റോമർ 8:22–24)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

Volume 12 Issue 11 May 2024 pages 24 Rs.5/

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 149**

## ഉള്ളടക്കം

പേജ്


- ജീവനുള്ള മൂന്നു കാര്യങ്ങൾ 3
- പ്രതികരണങ്ങൾ 6
- നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ (7) 7
- കെ. വി. ഐസക്ക് (അഭിമുഖം) (2) 11
- ഹബക്കൂക് (27) 14
- ഗ്ലോറിയ ഫെലോഷിപ്പ്... 17
- ഇമ്മാനുവിന്റെ സംശയങ്ങൾ (43) 19
- ഓഫർ (ചെറുകഥ) 22
- വോട്ട് ചെയ്തത് മൂക്കുകൊണ്ട് 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ജീവനുള്ള മൂന്നു കാര്യങ്ങൾ

പത്രൊസിന്റെ ഒന്നാം ലേഖനത്തിൽ ജീവനുള്ള മൂന്നു കാര്യങ്ങളെക്കുറിച്ച് നാം വായിക്കുന്നുണ്ട്. (1) ജീവനുള്ള പ്രത്യാശ, (2) ജീവനുള്ള ദൈവവചനം, (3) ജീവനുള്ള കല്ല് എന്നിവയാണ് ആ മൂന്നു കാര്യങ്ങൾ.

**(1) ജീവനുള്ള പ്രത്യാശ** (1 പത്രൊസ് 1:3)

ഭാവിയിൽ നല്ലത് സംഭവിക്കും, നന്മ വരും എന്ന വിശ്വാസമാണ് പ്രത്യാശ. നാം ഒരു മരം വച്ചുപിടിപ്പിക്കുന്നത് പ്രത്യാശയോടെയാണ്. മാതാപിതാക്കൾ അവരുടെ മക്കളെ സ്കൂളിലേക്ക് അയയ്ക്കുന്നത് പ്രത്യാശയോടെയാണ്; മകളെ വിവാഹം ചെയ്തുകൊടുക്കുന്നത് പ്രത്യാശയോടെയാണ്. പക്ഷേ ചിലപ്പോഴൊക്കെ നമ്മുടെ പ്രത്യാശയ്ക്ക് ഭംഗം വരുന്ന രീതിയിൽ തിരിച്ചടികൾ ഉണ്ടാകാറുണ്ട്.

ജീവനുള്ള പ്രത്യാശ എന്നതിലെ 'ജീവനുള്ള' എന്ന പദം, പ്രത്യാശയുടെ ഉറപ്പിനെ കാണിക്കുന്നു. ജീവനുള്ള പ്രത്യാശയുണ്ടെങ്കിൽ ചത്ത പ്രത്യാശയുമുണ്ട്. "ങാ, കർത്താവ് വരുമെന്നു പറയുന്നു, വരുമായിരിക്കും" എന്നിപ്രകാരം പറയുന്നത് ചത്ത പ്രത്യാശയാണ്. "എന്റെ കർത്താവ് എന്നെ ചേർത്തുകൊള്ളാൻ നിശ്ചയമായും വരും" എന്നു പറയുന്നതാണ് ജീവനുള്ള പ്രത്യാശ. "ഇന്നു നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും" എന്ന് കുരിശിലെ കള്ളനോട് കർത്താവ് പറഞ്ഞപ്പോൾ, കർത്താവ് അവന് കൊടുത്തത് ജീവനുള്ള പ്രത്യാശയാണ്.

പൗലൊസിന് ഉണ്ടായിരുന്ന ജീവനുള്ള പ്രത്യാശ നിമിത്തമാണ്, "ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു" എന്നു ഉറപ്പോടെ പറയാൻ കഴിഞ്ഞത്. പ്രിയരേ, നമുക്ക് ജീവനുള്ള പ്രത്യാശയുണ്ടോ എന്നു ചിന്തിക്കുക. വായ് തുറന്നാൽ നിരാശയുടെയും പിറുപിറുപ്പിന്റെയും വാക്കുകൾ മാത്രം സംസാരിക്കുന്നവരുണ്ട്. പ്രശ്നങ്ങളുടെയും പരാജയങ്ങളുടെയും തീച്ചൂളയിൽ പെട്ട് നട്ടം തിരിയുമ്പോൾ പലരും നെടുവീർപ്പിട്ട്, അറിയാതെ നിരാശയുടെ കയത്തിൽ വീണുപോകുന്നു. അതിന്റെ ആവശ്യമില്ല. ഏതു

പ്രതിസന്ധിയുടെ മധ്യത്തിലും നമ്മുടെ പ്രത്യാശ ജീവനുള്ളതായി തന്നെ ഇരിക്കട്ടെ. നാം വിശ്വസിച്ചിരിക്കുന്നത് ജീവനുള്ള ദൈവത്തിലാണ്. ആർക്കും അഴിക്കാൻ കഴിയാത്ത നിലയിൽ കെട്ടുപിണഞ്ഞു കിടക്കുന്ന പ്രശ്നപരമ്പരകളിലൂടെയാണ് നാം കടന്നുപോകുന്നതെങ്കിൽപോലും, അതിൽനിന്നെല്ലാം നമ്മെ വിടുവിക്കാൻ നമ്മുടെ ജീവനുള്ള ദൈവത്തിനു കഴിയും.

**(2) ജീവനുള്ള ദൈവവചനം** (1 പത്രൊസ് 1:23)

ആത്മികമായി ചത്തുകിടക്കുന്ന ആളുകളെ ജീവിപ്പിക്കാനുള്ള കഴിവ് ദൈവവചനത്തിനുണ്ട്. നിരാശയുടെ കൂരിരുട്ടിൽ നിപതിച്ചുകിടക്കുന്നവനെ പ്രത്യാശയുടെ പൊൻപ്രഭാതത്തിലേക്ക് നയിക്കാനുള്ള കരുത്ത് ദൈവവചനത്തിനുണ്ട്. സുവിശേഷം കേട്ടാണ് ആളുകൾ രക്ഷിക്കപ്പെടുന്നത്. ആ സുവിശേഷത്തിൽ അടങ്ങിയിരിക്കുന്നത് ദൈവവചനമാണ്. പൗലൊസ് കൊരിന്ത്യരോട് പറയുന്നത് ഇപ്രകാരമാണ്: "ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്" (1 കൊരിന്ത്യർ 4:15).

സുവിശേഷം കേൾക്കുന്നവന്റെ ഉള്ളിലേക്ക് ചെല്ലുന്നത് ജീവനുള്ള ദൈവവചനമാണ്; അത് അവനെ ജീവിപ്പിക്കുന്നു. അതിനുശേഷം അവൻ സ്ഥിരമായി ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ, "അവൻ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്ക കാലത്ത് ഫലം കായിക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും" (സങ്കീർത്തനങ്ങൾ 1:3). മാനസികമായി തളർന്നവനെ ശക്തിപ്പെടുത്താൻ ഈ ദൈവവചനത്തിനു കഴിയും. ഈ ജീവനുള്ള ദൈവവചനം ആത്മഹത്യാചിന്തകളിൽനിന്നു നമ്മെ വിടുവിക്കും.

നിർഭാഗ്യമെന്നു പറയട്ടെ, ലോകത്തിലെ പലർക്കും ഈ ദൈവവചനം വേണ്ട; ലോകജ്ഞാനം നിറച്ചിട്ടുള്ള പുസ്തകങ്ങളെ ദൈവവചനവുമായി താരതമ്യം ചെയ്യാൻ പോലും സാധിക്കയില്ല. മതഗ്രന്ഥങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകങ്ങൾ ദൈവവചനത്തിന്റെ അടുത്തുപോലും നിൽക്കാൻ യോഗ്യതയുള്ളവയല്ല. കാരണം ലോകജനതയെ മാറ്റിമറിച്ചിട്ടുള്ളത് ദൈവവചനം മാത്രമാണ്. എത്രയോ ക്രൂരന്മാരെയും കൊലപാതകികളെയും വ്യഭിചാരികളെയും ഈ ദൈവവചനം മനസ്സുമാറ്റി പുതുക്കിയിരിക്കുന്നു!

**(3) ജീവനുള്ള കല്ല്** (1 പത്രൊസ് 2:4,5)

യേശുക്രിസ്തുവിനെയാണ് ജീവനുള്ള കല്ല് എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. ആ കർത്താവിന്റെ അടുക്കൽ വന്നവർ ജീവനുള്ള കല്ലുകൾ ആയിത്തീരുന്നു എന്നും കൂടെ ഈ വാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. നാമാകുന്ന ജീവനുള്ള കല്ലുകൾ കൊണ്ട് പണിതുയർത്തുന്ന കെട്ടിടമാണ്

സഭ. ക്രിസ്തു എന്ന ജീവനുള്ള കല്ല് മൂലക്കല്ല്; ക്രിസ്തുവിനെ സ്വീകരിച്ച് ദൈവമക്കളായിത്തീർന്ന ജീവനുള്ള കല്ലുകൾ കൊണ്ട് സഭ എന്ന സൗധം മുകളിലേക്ക് പണിതുകൊണ്ടിരിക്കുന്നു.

1988 ജൂൺ 5-ാം തീയതി, സഭ എന്ന കെട്ടിടത്തിൽ യേശു വച്ച പുതിയ കല്ലുകളിൽ ഒന്ന് ഞാനായിരുന്നു. ദൈവത്തിന് സ്തോത്രം! സഭ എന്ന കെട്ടിടത്തിലെ ലക്ഷക്കണക്കിന് കല്ലുകളിൽ ഒന്നാകാൻ എനിക്കു ലഭിച്ച മഹാഭാഗ്യമോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. റോമൻകത്തോലിക്കാസഭയിൽ അൾത്താരബാലനായും പിന്നീട് വേദോപദേശഅദ്ധ്യാപകനായും കെസിവൈഎം സെക്രട്ടറിയായും ഞാൻ 'ശോഭിച്ചുകൊണ്ടിരുന്ന' കാലത്ത്, ദൈവവചനപ്രകാരം ഞാൻ 'ജീവനില്ലാത്തവൻ' ആയിരുന്നു. പക്ഷേ സുവിശേഷം എന്റെ അടുക്കൽ എത്തുകയും ദൈവകൃപയാൽ ഞാൻ ജീവനുള്ളവനായിത്തീരുകയും ചെയ്തു.

ന്യൂഡെൽഹിയിലെ ഇന്ത്യാഗേറ്റിൽ ആലേഖനം ചെയ്തിരിക്കുന്ന പേരുകളിൽ എന്റെ പേര് ഇല്ല. അതുപോലെയുള്ള പല സ്മാരകങ്ങളിലും കൊത്തിവച്ചിരിക്കുന്ന പേരുകളിൽ എന്റെ പേരുണ്ടാകയില്ല. പക്ഷേ "ഞാൻ എന്റെ സഭയെ പണിയും" എന്നു കർത്താവ് പറഞ്ഞതും കഴിഞ്ഞ നിരവധി വർഷങ്ങളായി പണി നടന്നുകൊണ്ടിരിക്കുന്നതുമായ സഭ എന്ന കെട്ടിടത്തിൽ ഞാനുണ്ട്. ലോകത്തിലെ പല മഹാന്മാർക്കും ആ കെട്ടിടത്തിന്റെ ഭാഗമാകാൻ കഴിഞ്ഞില്ല. സുവിശേഷത്തെ കാലുകൊണ്ട് ചവിട്ടിത്തേച്ചവർ, അവർ ലോകപ്രകാരം എത്ര മഹാന്മാരായാലും, സഭ എന്ന സൗധവുമായി അവർക്ക് യാതൊരു ബന്ധവും ഇല്ല എന്നതാണ് വാസ്തവം.

ജീവനില്ലാത്ത കല്ലുകൾ കൊണ്ടാണ് ബാക്കിയെല്ലാ നിർമ്മിതികളും നടക്കുന്നത്. പക്ഷേ സഭ എന്ന കെട്ടിടത്തിന്റെ പണി ജീവനുള്ള കല്ലുകളെക്കൊണ്ടാണ്. ആരൊക്കെ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുന്നുവോ അവർ ജീവനുള്ള കല്ലുകളായിത്തീരുന്നു. സഭയുടെ ഭാഗമായിത്തീരുന്നു. വിദ്യാഭ്യാസയോഗ്യതയോ, തറവാട്ടുമഹിമയോ, നിറമോ, ജാതിയോ നോക്കിയല്ല അത്; യേശുവിനെ കർത്താവായി സ്വീകരിക്കുക എന്നതാണ് ഇതിനുള്ള ഏകയോഗ്യത.

**ഉപസംഹാരം**

യേശു ജീവനുള്ള കല്ല്; യേശുവിനെ സ്വീകരിക്കുന്നവർ ജീവനുള്ള കല്ലുകൾ; അവർക്ക് ജീവനുള്ള ദൈവവചനമുണ്ട്; മാത്രമല്ല, ജീവനുള്ള പ്രത്യാശയുമുണ്ട്. നാശം പിടിച്ച ഈ ലോകത്തിൽ വിജയകരമായ ജീവിതം നയിക്കാൻ ദൈവജനത്തിനു കഴിയും. നിത്യജീവനെ മുറുകെപ്പിടിച്ച് നമുക്ക് മുന്നേറാം. ദൈവത്തിനു സ്തോത്രം! **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## P. V. Benjamin, Piravam

മാസിക വളരെ നന്നായിരിക്കുന്നു. എനിക്ക് എല്ലാ മാസവും മാസിക ലഭിക്കുന്നുണ്ട്. എനിക്ക് എടുത്തുപറയാൻ തോന്നിയത്, ഇപ്രാവശ്യം കെ. വി. ഐസക്ക്സഹോദരന്റെ അനുഭവസാക്ഷ്യം മാസികയിൽ കൊടുത്തതാണ്. അത് എനിക്ക് വളരെ സന്തോഷമായി തോന്നി. ആ അനുഭവസാക്ഷ്യം പ്രസിദ്ധീകരിച്ചുകഴിയുമ്പോൾ ഇതുപോലെ ഓരോരുത്തരുടെയും അനുഭവസാക്ഷ്യങ്ങൾ കൊടുക്കാൻ കഴിഞ്ഞാൽ വളരെ നല്ലതായിരിക്കും. ഞാൻ മാസികയെ ശുപാർശ ചെയ്തുകൊണ്ട് നിറുത്തുന്നു.

**(എഡിറ്റർ: ക്രിസ്തീയലോകത്ത് നിരവധി വർഷങ്ങൾ വിശ്വസ്തതയോടെ നിലനിന്ന ദൈവമക്കളുടെ അഭിമുഖം നമ്മുടെ മാസികയിലൂടെ തീർച്ചയായും ഇനിയും പ്രതീക്ഷിക്കാം. ഇതിനുമുമ്പ് ബ്രദർ തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ അഭിമുഖം പല ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു)**

## Jaimohan Athirumkal

ഏപ്രിൽ മാസത്തിലെ മാസികയിൽ മുഖ്യമന്ത്രി 'അവതാരിക'യോട് ദേഷ്യപ്പെട്ട കാര്യം എഴുതിയിരുന്നുവല്ലോ. അവതാരികയല്ല, അവതാരക എന്നാണ് വേണ്ടിയിരുന്നത്.

അവതാരിക (പുസ്തകത്തിന്)
അവതരിപ്പിക്കുന്നയാൾ: അവതാരകൻ (പുരുഷൻ)
അവതാരക (സ്ത്രീ)
അവതാരകന്റെ ഭാര്യയും ആ ജോലിയാണ് ചെയ്യുന്നതെങ്കിൽ, അവതാരകി

**(എഡിറ്റർ: തെറ്റ് ചൂണ്ടിക്കാണിച്ചതിന് നന്ദി. എന്റെ ശ്രദ്ധക്കുറവും സമയക്കുറവും മൂലം പലപ്പോഴും ഇത്തരം തെറ്റുകൾ സംഭവിക്കുന്നു. മാസിക ശ്രദ്ധാപൂർവ്വം വായിക്കുന്ന താങ്കളെപ്പോലെയുള്ളവരെ ഓർത്ത് എനിക്ക് അഭിമാനമുണ്ട്)**

**ആസ്യയിലെ ഏഴ് സഭകൾ** എന്ന ലേഖനം
ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. (എഡിറ്റർ)

# നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ

## 7

പ്രൊഫ. റ്റി. ജോൺമാത്യു, മണ്ണുത്തി

### വില്യം റ്റിൻഡെയ്ൽ (1490–1536)

ദൈവവചനമായ ബൈബിൾ സ്വന്തം മാതൃഭാഷയിൽ വായിക്കുവാനോ കേൾക്കുവാനോ ഇടവരുന്ന ഏതൊരാളും ദൈവമുമ്പാകെ വളരെ നന്ദിയോടുകൂടെ ഓർക്കേണ്ട പേരാണ് വില്യം റ്റിൻഡെയ്ൽ (William Tyndale). ഇംഗ്ലണ്ടിലെ ഗ്ലസ്റ്റർഷയറിൽ (Gloucestershire) സാമാന്യം നല്ല ധനസ്ഥിതിയുണ്ടായിരുന്ന ഒരു കുടുംബത്തിൽ അദ്ദേഹം ജനിച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠനം നടത്തുകയും, എബ്രായ, ഗ്രീക്ക് എന്നീ ഭാഷകൾക്കു പുറമെ വേറെ ആറ് ഭാഷകളും കൂടെ പഠിച്ച് അവയിൽ പാണ്ഡിത്യം നേടുകയും ചെയ്തു.

ഭാഷാജ്ഞാനം നേടുന്നതിന് പുറമെ ലത്തീൻ ഭാഷയിലെ ബൈബിൾ സൂക്ഷ്മമായി പരിശോധിച്ച് മനസ്സിലാക്കാനും അദ്ദേഹത്തിന് സാധിച്ചു. അക്കാലത്ത് ഒരു പട്ടക്കാരന് ഉണ്ടായിരിക്കണമെന്നു കരുതപ്പെട്ടിരുന്ന ഭാഷാജ്ഞാനത്തിന്റെയും സഭയുടെ ഉപദേശങ്ങൾ സംബന്ധമായ അറിവിന്റെയും അനേക മടങ്ങ് ജ്ഞാനം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ, സർവകലാശാലയിലെ പഠനം പൂർത്തിയാക്കിയ ഉടൻ തന്നെ അദ്ദേഹത്തിനു വൈദികപട്ടം ലഭിച്ചു.

എന്നാൽ ജോൺവിക്ലിഫ് മുഖാന്തരം ഇംഗ്ലണ്ടിൽ ഒരു നൂറ്റാണ്ടു മുമ്പ് മുതൽ പ്രചരിപ്പിക്കപ്പെടാൻ തുടങ്ങിയ സഭാനവീകരണം സംബന്ധിച്ച ആശയങ്ങൾ പരിശോധിച്ച് വിലയിരുത്തേണ്ടത് വളരെ ആവശ്യമാണെന്ന് അദ്ദേഹത്തിന് തോന്നി. അതുമാത്രമല്ല, സ്വതന്ത്രചിന്തയ്ക്ക് പ്രാധാന്യം കല്പിച്ചിരുന്ന ഹ്യൂമനിസം (Humanism) എന്ന പ്രസ്ഥാനത്തിന്റെ ചില നേതാക്കന്മാരുമായി അദ്ദേഹം സമ്പർക്കം പുലർത്താനാരംഭിക്കുകയും ചെയ്തു.

മൂലഭാഷയായ ഗ്രീക്കിലുള്ള പുതിയനിയമത്തിന്റെ ഒരു കോപ്പി അദ്ദേഹത്തിന് ലഭിക്കാനിടയായി. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാന വഴിത്തിരിവായിത്തീർന്നു. ഗ്രീക്ക് പുതിയനിയമം വായിച്ചപ്പോൾ, ജോൺവിക്ലിഫിന്റെ അനുയായികൾ ഇംഗ്ലണ്ടിൽ പ്രചരിപ്പിച്ചുകൊണ്ടിരുന്ന ആശയങ്ങൾ സത്യമാണെന്ന് അദ്ദേഹത്തിന് മനസ്സിലായി.

മൂലഭാഷയിൽനിന്ന് നേരിട്ട് ഇംഗ്ലീഷിലേക്ക് ബൈബിൾ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ അദ്ദേഹം പരിശ്രമം തുടങ്ങി. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകജോലി ചെയ്തുകൊണ്ടിരിക്കുന്നതിനിടെയാണ് അദ്ദേഹം ഈ തർജ്ജമ തയ്യാറാക്കിയത്. മാർപാപ്പയുടെ ഭരണത്തിൻ കീഴിലായിരുന്ന അന്നത്തെ സഭ, പ്രദേശികഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല.

1408 ൽ കാന്റർബറിയിലെ ആർച്ച്ബിഷപ്പായിരുന്ന തോമസ് അരുൺഡേൽ (Thomas Arundel), ബൈബിൾ ഇംഗ്ലീഷ്ഭാഷയിലേക്ക് തർജ്ജമ ചെയ്യാൻ പാടില്ലെന്നും ഇംഗ്ലീഷ് ഭാഷയിൽ ബൈബിൾ വായിക്കുന്നത് തെറ്റാണെന്നും പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട്, പുതിയനിയമത്തിന്റെ തർജ്ജമ പൂർത്തിയാകുമ്പോൾ, ജർമ്മനിയിൽ ചെന്ന് അവിടെ വച്ച് അത് പ്രിന്റ് ചെയ്തിട്ട് ഇംഗ്ലണ്ടിലേക്ക് ഒളിച്ചുകടത്താൻ ടിൻഡെയ്ൽ പദ്ധതി തയ്യാറാക്കി.

1525 ൽ അദ്ദേഹം പുതിയനിയമത്തിന്റെ തർജ്ജമ പൂർത്തിയാക്കിയ ശേഷം, ജർമ്മനിയിൽ അത് പ്രിന്റ് ചെയ്യാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. എന്നാൽ ഇതിനെക്കുറിച്ചുള്ള അറിവ് കർദ്ദിനാൾ വൂൾസിക്കും (Cardinal Wolsey) ഇംഗ്ലണ്ടിലെ രാജാവായിരുന്ന ഹെൻറി എട്ടാമനും ലഭിച്ചു. (ഹെൻറി എട്ടാമന് ടിൻഡെയ്ലിനോട് വിരോധം തോന്നാൻ ഒരു കാരണമുണ്ടായിരുന്നു. തന്റെ രാജ്ഞിയായിരുന്ന കാതറൈനിനെ ഉപേക്ഷിച്ച് ആനി ബൊളിൻ എന്ന സ്ത്രീയെ വിവാഹം ചെയ്യാൻ അദ്ദേഹം തീരുമാനിച്ചപ്പോൾ ആ തീരുമാനം തെറ്റാണെന്നും ദൈവവചനത്തിന് വിരുദ്ധമായ അധാർമ്മിക പ്രവർത്തിയാണെന്നും ടിൻഡെയ്ൽ പ്രസ്താവിച്ചിരുന്നു. അതുനിമിത്തം ടിൻഡെയ്ലിനെ വധശിക്ഷയ്ക്ക് വിധേയനാക്കണമെന്ന് രാജാവ് ആഗ്രഹിച്ചിരുന്നു)

രാജാവിന്റെ രഹസ്യപ്പോലീസും സഭാധികാരികളുടെ അനുയായികളും ജർമ്മനിയിൽ എത്തുകയും ടിൻഡെയ്ലിന്റെ ബൈബിൾ പുതിയനിയമം പ്രിന്റ് ചെയ്തുകൊണ്ടിരുന്ന പ്രസ്സിൽ റെയ്ഡ് നടത്തുകയും ചെയ്തു. ഇതിനെത്തുടർന്ന് വോംസ് നഗരത്തിൽ ചെന്ന് അവിടത്തെ ഒരു പ്രസ്സിൽ രഹസ്യമായി പ്രിന്റിംഗ് നടത്താൻ ടിൻഡെയ്ൽ പരിശ്രമിച്ചു. ഇംഗ്ലണ്ടിലെ പണസൗകര്യമുണ്ടായിരുന്ന ചില ആളുകൾ അദ്ദേഹത്തിന് രഹസ്യമായി സാമ്പത്തികസഹായം നൽകിക്കൊണ്ടിരുന്നു.

1526 നോടുകൂടി ഇംഗ്ലീഷ്ഭാഷയിലെ ബൈബിൾ പുതിയനിയമം ആറായിരത്തോളം കോപ്പികൾ അദ്ദേഹം പ്രിന്റ് ചെയ്യുകയും അവ തുണിക്കെട്ടുകളുടെ ഉള്ളിൽ വച്ച് റൈൻ നദിയിലൂടെ ബോട്ട് മാർഗ്ഗം ഇംഗ്ലണ്ടിന്റെ തെക്ക്കിഴക്കൻ ഭാഗത്ത് എത്തിക്കുകയും ചെയ്തു. ഈ വിവരം

അറിഞ്ഞ സഭയുടെ അധികാരികളും രാജാവിന്റെ ഉദ്യോഗസ്ഥരും ബൈബിൾ പുതിയനിയമത്തിന്റെ ഇംഗ്ലീഷ്ഭാഷയിലുള്ള ഈ കോപ്പികൾ ജനങ്ങൾ വായിക്കുന്നത് വിലക്കുകയും അവ കണ്ടെത്തി നശിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു.

പഴയനിയമത്തിന്റെ മൂലഭാഷയായ എബ്രായഭാഷയിൽനിന്ന് പഴയനിയമപ്പുസ്തകങ്ങൾ തർജ്ജമ ചെയ്യാൻ ടിൻഡെയ്ൽ ആരംഭിച്ചു. ജർമ്മനിയിലും ബെൽജിയത്തിനടുത്ത ചില സ്ഥലങ്ങളിലുമൊക്കെ ഒളിച്ചു പാർത്തുകൊണ്ടാണ് അദ്ദേഹം ഈ ജോലി നിർവ്വഹിച്ചത്. സഭയുടെ ഭരണാധികാരികൾ ടിൻഡെയ്ലിനെ വധിക്കുകയോ വധിക്കുവാൻ സഹായിക്കുകയോ ചെയ്യുന്നവർക്ക് പാരിതോഷികം നൽകുമെന്നു പ്രഖ്യാപിച്ചു.

ഈ വാഗ്ദാനത്തിൽ ആകൃഷ്ടനായ ഹെൻറി ഫിലിപ്സ് എന്നയാൾ 1535 ൽ ബൽജിയത്തിലെ ആന്റ്‌വേർപ് (Antwerp) നഗരത്തിലെത്തി. ഇയാൾ ടിൻഡെയ്ലിനെ കണ്ടെത്തുകയും സൗഹൃദഭാവം നടിച്ച്, അദ്ദേഹവുമായി പലതവണ സംസാരിച്ച് അദ്ദേഹത്തിന്റെ വിശ്വാസം ആർജ്ജിക്കുകയും ചെയ്തു. ഒടുവിൽ 1535 മെയ്മാസം 24-ാം തീയതി ഇയാൾ ഹെൻറി എട്ടാമൻ രാജാവിന്റെ രഹസ്യപ്പോലീസിന് ടിൻഡെയ്ലിനെ കാണിച്ചുകൊടുത്തു. അവർ ടിൻഡെയ്ലിനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. അദ്ദേഹത്തിന്റെ മേൽ ചുമത്തിയ കുറ്റം ദുരുപദേശം (heresy) ആയിരുന്നു. (ഇതേ കുറ്റം ചുമത്തിയാണ് ബൊഹീമിയായിലെ ജോൺഹസ്സിനെ 1415 ൽ ചിതയിൽ ദഹിപ്പിച്ചു കൊന്നത്)

16 മാസത്തോളം ജയിലിൽ ഇട്ടശേഷം, 1536 ഒക്ടോബർ 6-ാം തീയതി രാജാവും സഭാധികാരികളും ഒത്തുചേർന്ന് വില്യം ടിൻഡെയ്ലിനെ ക്രൂരമായ വധശിക്ഷയ്ക്ക് വിധേയമാക്കി. അദ്ദേഹത്തെ കഴുത്ത് ഞെരിച്ച് കൊന്നശേഷം, ചിതയുടെ മദ്ധ്യത്തിലെ തൂണിന്മേൽ ശരീരം കെട്ടിത്തൂക്കിയിട്ടിട്ട് തീയിൽ ദഹിപ്പിക്കുകയാണ് ചെയ്തത്. മരണസമയത്ത്, “കർത്താവേ, ഇംഗ്ലണ്ടിലെ രാജാവിന്റെ കണ്ണുകളെ തുറക്കേണമേ” എന്ന പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം ജീവൻ വെടിഞ്ഞു എന്നാണ് ചരിത്രത്തിൽ നാം വായിക്കുന്നത്.

ടിൻഡെയ്ലിന്റെ പ്രാർത്ഥനയുടെ മറുപടി നാം ലോകചരിത്രത്തിൽ കാണുന്നു. ഇംഗ്ലീഷ്ഭാഷയിൽ ബൈബിൾ സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കാനുള്ള കല്പന ഇംഗ്ലണ്ടിലെ രാജാവുതന്നെ നൽകുകയും 1611 ൽ കിംഗ് ജെയിംസ് വെർഷൻ (King James Version) എന്ന പേരിൽ അറിയപ്പെടുന്ന ബൈബിൾ, രാജാവിന്റെ നേതൃത്വത്തിൽ തന്നെ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.

ആധുനിക ലോകത്തിൽ നടത്തപ്പെട്ടിട്ടുള്ള ദൈവവചനത്തിന്റെ സകല തർജ്ജമയും പ്രിന്റിംഗും പ്രസിദ്ധീകരണവും എല്ലാം വില്യം ടിൻഡെയ്ൽ 16-ാം നൂറ്റാണ്ടിൽ ആരംഭിച്ച പ്രവർത്തനത്തിന്റെ അനന്തരഫലങ്ങൾ തന്നെയാണ്, സംശയമില്ല. ദൈവവചനം സ്വന്തം മാതൃഭാഷയിൽ വായിക്കുന്ന ഓരോരുത്തരും വാസ്തവത്തിൽ വില്യം ടിൻഡെയ്‌ലിനോട് കടപ്പെട്ടിട്ടുള്ളവരാണ്. ദൈവവചനത്തിന്റെ വെളിച്ചം മനുഷ്യഹൃദയങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനായി ജീവൻ ബലിയർപ്പിച്ച, യേശുക്രിസ്തുവിന്റെ സത്യസാക്ഷിയാണ് അദ്ദേഹം.

ദൈവവചനവും സഭാചരിത്രവും നാം പരിശോധിക്കുമ്പോൾ തങ്ങളുടെ ശരീരങ്ങളെ "ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിച്ച" അനേകം സത്യസാക്ഷികളെ നാം കാണുന്നു. അങ്ങനെയുള്ളവരെ ഹൃദയക്കണ്ണുകളാൽ കണ്ടുകൊണ്ടാണ് മധുരഗായകനായിരുന്ന എം. ഈ. ചെറിയാൻസാർ ഇപ്രകാരം പാടിയത്:

*സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും*
*നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ*
*ഭാരവും പാപവും വിട്ടുഞാനോടുമ-*
*ന്നേരവും യേശുവെ നോക്കിടും*

ഹാബേലിന്റെ കാലം മുതലുള്ള സാക്ഷികളുടെ വലിയ സമൂഹം വാസ്തവത്തിൽ നാമെല്ലാവരെയും ചുറ്റിനിൽക്കുന്നുണ്ട്. നമ്മുടെ ഹൃദയക്കണ്ണുകളാൽ അവരെ ദർശിച്ചുകൊണ്ട് നാമോരോരുത്തരുടെയും ഓട്ടം സ്ഥിരതയോടെ ഓടുവാൻ നമുക്ക് കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു!

**(ഈ ലേഖനപരമ്പര ഇവിടെ അവസാനിക്കുന്നു)**


**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

തിരുവനന്തപുരത്ത് I T കമ്പനിയിൽ ജോലി ചെയ്യുന്ന (MNC) കോട്ടയം സ്വദേശിയായ യുവതി (28 വയസ്സ്, 165 cm, MBA), രക്ഷിക്കപ്പെട്ടതും ആഭരണം ധരിക്കുന്നതും വിദ്യാഭ്യാസവും നല്ല ജോലിയും ഉള്ളതുമായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. **(Phone Number: 95621 94267, 94473 90907)**

**M4marry ID no. 5550644**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

2

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 8. സുവിശേഷകനെന്ന നിലയിൽ ആദ്യനാളുകൾ

*റിയൽ ലൈഫി*ന്റെ വായനക്കാർക്കായി എന്റെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ സന്തോഷമുണ്ട്. ഞാൻ ഒരു കൃഷിക്കാരനായിരുന്നു. അക്കാലങ്ങളിൽ പീച്ചി സഭയിലെ എല്ലാവരും ചേർന്ന് പരസ്യയോഗങ്ങൾ നടത്തുമായിരുന്നു. കവലപ്രസംഗങ്ങൾ ഉണ്ടാകും. ഈ മേഘലയിൽ എന്റെ ആദ്യത്തെ അനുഭവം എന്നു പറയുന്നത് വാക്യങ്ങൾ വിളിച്ചുപറയിലായിരുന്നു. എനിക്ക് അതിന് ഒരു ലജ്ജയും തോന്നിയിരുന്നില്ല. മുതിർന്ന സഹോദരന്മാർ വിളിച്ചുപറയും; ഞാൻ ഏറ്റുപറയും. അവർ പാടുമ്പോൾ കൂടെ പാടും. സുവിശേഷം അറിയിക്കണം എന്നൊരു നിർബന്ധം അങ്ങനെ മനസ്സിൽ ഉണ്ടായി.

ആ നാളുകളിൽ എന്റെ കൂട്ടുസഹോദരനായ സി. ഐ. ശാമുവേലും (ഇപ്പോൾ കണ്ണാറ സഭയുടെ എൽഡറാണ്) ഞാനും എല്ലാ ശനിയാഴ്ചകളിലും സമീപപ്രദേശങ്ങളിൽ സുവിശേഷം അറിയിക്കാനായി പോകും. ഞങ്ങൾ അന്ന് സുവിശേഷകന്മാരൊന്നുമല്ല; കൃഷിക്കാരും കൂലിവേല ചെയ്ത് ജീവിക്കുന്നവരുമായിരുന്നു. ഞങ്ങളുടെ പക്കൽ ലഘുലേഖകളൊന്നും അക്കാലത്ത് കാര്യമായുണ്ടായിരുന്നില്ല. ഉള്ളത് കൊടുക്കും. വീടുകളിലിരുന്ന് സുവിശേഷം പറയും. അങ്ങനെ അവിടെയുള്ളവർക്കെല്ലാം ഞങ്ങൾ സുപരിചിതരായിരുന്നു. പക്ഷേ ഞങ്ങൾ സുവിശേഷകന്മാർ അല്ല താനും.

അങ്ങനെയിരിക്കെ ഉണ്ടായ ഒരു പ്രത്യേക കാര്യം പറയാം. ഞങ്ങൾ കണ്ണാറ വഴി നടന്ന് കൊളാംകുണ്ട് വഴി മാന്ദാമംഗലം മരോട്ടിച്ചാൽ വരെയെത്തി ധാരാളം വീടുകളിൽ കയറി സുവിശേഷം അറിയിച്ചു. ഞങ്ങളുടെ രണ്ടാളുടെയും കയ്യിൽ ഒരു ചായ കുടിക്കാൻ പോലുമുള്ള പൈസയുണ്ടായിരുന്നില്ല. കാപ്പിത്തൊണ്ട് തിളപ്പിച്ച് ഉണ്ടാക്കുന്ന കാപ്പിയാണ് അന്ന് കുടി

ക്കുന്നത്. അതും വാട്ടക്കപ്പയും കഴിച്ചിരുന്നതുകൊണ്ട് കാര്യമായ വിശപ്പ് തോന്നിയിരുന്നില്ല.

ഞങ്ങൾ ഒരു മലഞ്ചെരിവിലൂടെ തിരിച്ചുവരുമ്പോൾ, "സഹോദരന്മാരേ" എന്നു ആരോ ഉറക്കെ വിളിക്കുന്നത് മുകളിൽനിന്ന് കേട്ടു. ഞങ്ങൾ മേല്പോട്ട് നോക്കി. ആരെയും കണ്ടില്ല. പിന്നീട് അദ്ദേഹം വീണ്ടും ഞങ്ങളെ വിളിച്ചു. അപ്പോഴാണ് ഞങ്ങൾക്ക് കാര്യം മനസ്സിലായത്. ഒരു മരത്തിന്റെ മുകളിൽ ഏറുമാടം ഉണ്ടായിരുന്നു. അതിലിരുന്ന ആളാണ് ഞങ്ങളെ വിളിച്ചത്. അദ്ദേഹം താഴെ ഇറങ്ങിവരികയും ഞങ്ങളെ അങ്ങോട്ട് കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം ഭാര്യയുമുണ്ടായിരുന്നു. അവർ ഞങ്ങൾക്ക് കപ്പ പുഴുങ്ങിയതും മധുരമില്ലാത്ത കട്ടൻകാപ്പിയും തന്നു.

അദ്ദേഹം ഞങ്ങൾക്ക് ഒരു രൂപ തന്നു. ഞങ്ങൾ പൈസ വാങ്ങാൻ വിസമ്മതിച്ചുവെങ്കിലും അദ്ദേഹം ഞങ്ങളെ നിർബന്ധിച്ചു. അദ്ദേഹം പ്രായമുള്ള ഒരാളായിരുന്നു. ഇടയ്ക്കിടെയെല്ലാം പീച്ചി സഭാഹാളിൽ അവർ രണ്ടുപേരും വരുമായിരുന്നു. അങ്ങനെ ഞങ്ങളെ അവർക്ക് പരിചയമുണ്ട്. അല്പനേരം അവരോടുകൂടെ ചെലവിട്ടതിനുശേഷം, ഞങ്ങൾ അവിടെനിന്നും പോരുകയും കണ്ണാറയിലേക്ക് നടക്കുകയും ചെയ്തു.

അന്ന് തന്ന ആ ഒരു രൂപ ഞങ്ങൾക്ക് വളരെ പ്രയോജനപ്പെട്ടു. അക്കാലത്ത് എഴുപത്തിയഞ്ച് പൈസയ്ക്ക് ഒരു കിലോ അരി കിട്ടും. ഞങ്ങൾ ഒരു കിലോ അരിയും ബാക്കി പൈസയ്ക്ക് ചായപ്പൊടിയും ശർക്കരയുമെല്ലാം വാങ്ങി ഞങ്ങൾ രണ്ടാളും പങ്കിട്ടെടുത്തു. ആ ഒരു രൂപയായിരുന്നു സുവിശേഷവേലയിൽ ലഭിച്ച ആദ്യത്തെ പ്രതിഫലം. ഈ സംഭവം എനിക്ക് മറക്കാൻ കഴിയുന്നതല്ല. അവരുടെ കൊച്ചുമക്കൾ ഇപ്പോൾ കണ്ണാറസഭയിലും പീച്ചിസഭയിലുമുണ്ട്. സുവിശേഷവേലയിൽ ലഭിച്ച ഈ ആദ്യത്തെ കൈത്താങ്ങൽ ഇന്നും നന്ദിയോടെ ഞാൻ ദൈവസന്നിധിയിൽ ഓർക്കുന്നു.

ഓരോ മാസത്തിലും മൂന്നു ശനിയാഴ്ചകളിൽ, പീച്ചി ഡാമിൽ സന്ദർശനത്തിന് വരുന്ന ആളുകൾക്ക് ട്രാക്റ്റുകൾ വിതരണം ചെയ്യുമായിരുന്നു. ഇരുപത് വർഷത്തോളം മുടങ്ങാതെ ഇത് ആവർത്തിച്ചു. അവിടെയുള്ള ഡയറക്ടറോട് അനുവാദം ചോദിച്ചിട്ടാണ് അത് ചെയ്തിരുന്നത്. ട്രാക്റ്റ് അവിടെ താഴെ ഇടരുതെന്ന് അദ്ദേഹം നിർബന്ധം പറയുമായിരുന്നു. അതുകൊണ്ട് ലഘുലേഖകൾ കൊടുക്കുമ്പോൾ, ഇത് ഇവിടെ ഇടരുതെന്നും കൈവശം വയ്ക്കണമെന്നും ഞങ്ങൾ ആളുകളോട് പറയുമായിരുന്നു.

ആ കാലത്ത് അവിടെ പലരുമായും സംവാദങ്ങൾ നടത്തിയിട്ടുണ്ട്. അവിടെയുള്ള പുൽത്തകിടിയിൽ ഇരുന്ന് സംവാദങ്ങൾ നടത്തും. ചിലപ്പോൾ പള്ളിയിലെ അച്ചന്മാർ, കന്യാസ്ത്രീമാർ എന്നിവരോടെല്ലാം സംസാരിക്കാൻ

ഇട വന്നിട്ടുണ്ട്. സുവിശേഷം വ്യക്തമായി പറയാൻ കഴിയും. ഒരുപാട് പേരെ അങ്ങനെ സുവിശേഷം കേൾപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വെള്ളിയാഴ്ചകളിൽ തൃശ്ശൂരുള്ള ജൂബിലി മിഷൻ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും മാറിമാറി ലഘുലേഖകൾ കൊടുക്കുന്ന പതിവ് അക്കാലങ്ങളിൽ എനിക്കുണ്ടായിരുന്നു. സിവിൽ ആശുപത്രിയിൽ (ജില്ലാ ആശുപത്രിയിൽ) ചെന്നാൽ ഒരു പ്രത്യേകതയുണ്ട്. ഇന്നുള്ളതുപോലെ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനും മറ്റുമായി സംഘടനകൾ അന്നില്ല. അതുകൊണ്ട് ലഘുലേഖകളുമായി രോഗികളെ സമീപിക്കുമ്പോൾ ചിലർ ദേഷ്യപ്പെടും. “ഞാൻ ഭക്ഷണം കഴിച്ചിട്ടില്ല. ഇന്നലെയും കഴിച്ചിട്ടില്ല. അപ്പോൾ ഇത് കിട്ടിയിട്ട് എന്തു പ്രയോജനം” എന്ന് അവർ ചോദിക്കും.

എന്റെ കയ്യിലും പൈസയൊന്നും ഉണ്ടാകില്ല. എങ്കിലും പലർക്കും ചോറ് കൊടുക്കാൻ എനിക്ക് ഇടയായിട്ടുണ്ട്. ഞാൻ കുരുമുളക് കൊടുക്കുന്ന ഒരു കടയുണ്ട്; അവിടെ ചെന്ന് ഞാൻ അല്പം പൈസ വാങ്ങും; അതുകൊണ്ട് ചോറുപൊതി വാങ്ങി അവർക്ക് കൊടുക്കും. ഒരു ചോറ്പൊതിക്ക് ഒരു രൂപ യുടെ താഴെയേ അക്കാലത്ത് വരികയുള്ളൂ. ഈ ആശുപത്രിസന്ദർശനത്തി ലൂടെ ചുരുക്കം ചില ആളുകൾ കർത്താവിനെ അറിയാനും ഇടയായിട്ടുണ്ട്.

തീവ്രമായ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. പലരും തല്ലാനായി വന്നിട്ടു ണ്ട്. എങ്കിലും സുവിശേഷം അറിയിക്കണമെന്ന നിർബന്ധം എനിക്കുണ്ടാ യിരുന്നു. ആശുപത്രിസന്ദർശനത്തിലൂടെ പല ഡോക്ടർമാരെയും പരിചയ പ്പെടാൻ ഇടയായിട്ടുണ്ട്. അവർ ജോലിയിൽനിന്ന് വിരമിച്ചതിനുശേഷവും പലരെയും കാണുമ്പോൾ അവർ എന്നെ ഓർക്കുന്നതായി അറിയാൻ കഴി ഞ്ഞിട്ടുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ ചില രോഗികളെ ആശുപ ത്രിയിലേക്ക് കൊണ്ടുപോയി ചികിത്സ ലഭ്യമാക്കാനും എനിക്ക് ഇടയായി. സുവിശേഷവേലയോടുള്ള ബന്ധത്തിലാണ് ഇതെല്ലാം ഞാൻ ചെയ്തത്.

ഞാൻ അന്ന് സുവിശേഷകനായി വേർതിരിഞ്ഞിട്ടുള്ള വ്യക്തിയല്ലായി രുന്നു എന്ന് ആദ്യമേ പറഞ്ഞുവല്ലോ. എങ്കിലും സുവിശേഷം അറിയിക്കാൻ വളരെ ഉത്സാഹം എനിക്കു ദൈവം തന്നിരുന്നു. ആരും എന്നെ നിർബന്ധി ക്കേണ്ടി വന്നിട്ടില്ല. പരിശുദ്ധാത്മാവിന്റെ നിർബന്ധമാണ് എനിക്കുണ്ടായി രുന്നത്. ഞാൻ സുവിശേഷവേലയ്ക്ക് വേണ്ടി വേർതിരിയുന്നത് 1981 ലാണ്. 1981 മുതൽ 1986 വരെ പീച്ചിയിൽ പ്രവർത്തിച്ചു. അതിനുശേഷം 1986 ൽ എളനാട്ടിലും പിന്നീട് ചുവന്നമണ്ണിലും പ്രവർത്തിച്ചു. ചുവന്നമണ്ണിൽനിന്നാണ് കുളമാവിലും പൂമലയിലും എരുക്കംചിറയിലുമെല്ലാം സഭകൾക്ക് തുടക്കമി ട്ടത്. എന്റെ ഈ അനുഭവങ്ങൾ വായിക്കുന്നവർക്ക് സുവിശേഷവേലയ്ക്കുള്ള പ്രചോദനം വർദ്ധിക്കട്ടെ എന്നു ആശിക്കുന്നു.

**(തുടരും)**

# ഹബക്കൂക് (പുസ്തകപഠനം)

27

**-എംവിഎസ്-**

## ഹബക്കൂക് 3:16

*ഞാൻ കേട്ട് എന്റെ ഉദരം കുലുങ്ങിപ്പോയി, മുഴക്കം ഹേതുവായി എന്റെ അധരം വിറച്ചു. അവൻ ജനത്തെ ആക്രമിപ്പാൻ പുറപ്പെടുമ്പോൾ കഷ്ടദിവസത്തിൽ ഞാൻ വിശ്രമിച്ചിരിക്കേണ്ടതുകൊണ്ട് എന്റെ അസ്ഥികൾക്ക് ഉരുക്കം തട്ടി. ഞാൻ നിന്ന നിലയിൽ വിറച്ചുപോയി.*

കൽദയരാജാവായ നെബൂഖദ്നേസെർ വരുന്നു എന്ന വാർത്ത കേട്ടപ്പോൾ ഹബക്കൂക്പ്രവാചകന്റെ ഉദരം കുലുങ്ങിപ്പോയി, അധരം വിറകൊണ്ടു. ശത്രു ആക്രമിക്കുന്ന ആ കഷ്ടദിവസത്തിൽ വിശ്രമിക്കാനാണ് ഹബക്കൂക് ആഗ്രഹിക്കുന്നത്. അല്ലാതെ ഓടിനടന്നിട്ട് കാര്യമില്ല. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ചില സാഹചര്യങ്ങളിൽ നമ്മുടെ ഉദരം കുലുങ്ങിയെന്നുവരാം, അധരം വിറച്ചു എന്നു വരാം, അസ്ഥികൾക്ക് ഉരുക്കം തട്ടിയേക്കാം. പക്ഷേ അവസ്ഥയിൽ പരിഭ്രാന്തരായി ഓടിനടക്കാതെ നാം വിശ്രമിക്കുക. കാരണം ദൈവം നമ്മോടുകൂടിയുണ്ട്. അതായത്, നാം അടങ്ങിയൊതുങ്ങി ഒരിടത്ത് ഇരുന്ന് നമ്മുടെ സങ്കടം ദൈവത്തിന്മേൽ പകരുക. ആ പ്രതിസന്ധിയിൽ നിന്ന് നമ്മെ കരേറ്റുവാൻ കഴിവുള്ളവനിൽ ആശ്രയം വയ്ക്കുക.

## ഹബക്കൂക് 3:17

*അത്തിവൃക്ഷം തളിർക്കയില്ല. മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല. ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും. നിലങ്ങൾ ആഹാരം വിളയിക്കയില്ല. ആട്ടിൻകൂട്ടം തൊഴുത്തിൽനിന്ന് നശിച്ചുപോകും. ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല.*

ജീവിതം എന്നും സുന്ദരമായിരിക്കണമെന്നില്ല. തിരിച്ചടികൾ ഏതു സമയവും പ്രതീക്ഷിക്കാം. ഏതു സമയവും ജീവിതസാഹചര്യങ്ങൾ മാറിമറിയാം. അപകടം, രോഗം, ശത്രുവിന്റെ രംഗപ്രവേശം, അപവാദപ്രചരണങ്ങൾ, അനുസരണമില്ലാത്ത മക്കൾ എന്നിങ്ങനെ വലിയ പ്രശ്നങ്ങൾ ജീവിതത്തിൽ കടന്നുവരും. പക്ഷേ, സാഹചര്യം അനുകൂലമായാലും പ്രതികൂലമായാലും ഞാൻ എന്റെ ദൈവത്തിൽ ആനന്ദിക്കും, ആശ്രയിക്കും എന്നതായിരിക്കണം ഒരു ദൈവപൈതലിന്റെ തീരുമാനം.

അത്തിവൃക്ഷം, മുന്തിരിവള്ളി, ഒലിവ്മരം എന്നിവയെല്ലാം അനുഭവം തരാത്ത അവസ്ഥ സംജാതമായേക്കാം. നിലങ്ങൾ ആഹാരം വിളയിക്കാത്ത അവസ്ഥ വന്നേക്കാം. അതായത്, കൃഷി മൊത്തം നശിക്കുന്ന സ്ഥിതി! ആട്ടിൻകൂട്ടവും കന്നുകാലിയും നശിച്ചുപോകുന്ന സാഹചര്യം ഉണ്ടായേക്കാം. കൃഷിയും മൃഗസമ്പത്തും ആണ് അക്കാലങ്ങളിലെ വരുമാന മാർഗ്ഗങ്ങൾ. എല്ലാം ഒരുമിച്ച് നഷ്ടപ്പെട്ടാലുള്ള അവസ്ഥയെന്താണ്?!

കാറ്റ് വീശി വാഴകൃഷി നഷ്ടപ്പെടുന്നവർ, ആനക്കൂട്ടം കയറി കരിമ്പ്കൃഷി നഷ്ടപ്പടുന്നവർ, വെള്ളം കയറി നെൽകൃഷി നഷ്ടപ്പെടുന്നവർ, രോഗങ്ങൾ വന്ന് മൃഗങ്ങൾ കൂട്ടത്തോടെ ചാകുന്നത് കണ്ട് നിൽക്കേണ്ടിവരുന്നവർ... എല്ലാം കൂടി ഒരുമിച്ച് വന്നാൽ, അവനെ ശപിക്കപ്പെട്ടവൻ എന്നോ ദൈവകൃപയില്ലാത്തവൻ എന്നോ ആളുകൾ വിളിച്ചേക്കാം.

നഷ്ടങ്ങൾ വന്നാൽ ദൈവവുമായുള്ള ബന്ധത്തെ അവ തകർക്കരുത്. ലഭിക്കുന്ന ലാഭത്തിന്റെ അടിസ്ഥാനത്തിലല്ല നാം ദൈവത്തെ സ്നേഹിക്കേണ്ടത്. ഏറ്റവും വലിയ നന്മ – തന്റെ ഏകജാതനായ പുത്രനിലൂടെയുള്ള രക്ഷ – ദൈവം നമുക്ക് തന്നുകഴിഞ്ഞു. ബാക്കിയുള്ള ഏതു കാര്യത്തിനും വല്ല ചില്ലറപ്പൈസയുടെ മൂല്യം മാത്രമേയുള്ളൂ.

**ഹബക്കൂക് 3:18**

*എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും*

എങ്കിലും... അതായത്, എന്തെല്ലാം നിലയിലുള്ള നഷ്ടങ്ങളുണ്ടായാലും, ഞാൻ എന്റെ രക്ഷയുടെ ദൈവത്തിൽ ആനന്ദിക്കും എന്ന് ഉറപ്പിച്ചു പറയുന്ന ഹബക്കൂക്പ്രവാചകനെ നോക്കുക! കൃഷിയും മൃഗസമ്പത്തുമെല്ലാം നശിച്ചാലും ഞാൻ യഹോവയിൽ ആനന്ദിക്കും എന്ന് ഹബക്കൂക് സധൈര്യം പറയുന്നു. ഭൗതികനന്മകൾ തരുന്ന ദൈവത്തിലല്ല, എന്നെ ഏതു സാഹചര്യത്തിൽനിന്നും രക്ഷിക്കാൻ കെല്പുള്ള രക്ഷയുടെ ദൈവത്തിലാണ് ഞാൻ ആനന്ദിക്കേണ്ടത്.

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർക്ക് പറയാനുള്ളത് കോടിക്കണക്കിന് രൂപ കിട്ടുന്ന കാര്യവും ലക്ഷക്കണക്കിന് രൂപ ശമ്പളം കിട്ടുന്ന കാര്യവും ഒക്കെയാണ്. അത്തിവൃക്ഷം തളിർക്കാത്ത അവസ്ഥയോ മുന്തിരിവള്ളി അനുഭവം തരാത്ത അവസ്ഥയോ ഉണ്ടാകുന്നതിനെപ്പറ്റി അവർ പറയാറില്ല. പക്ഷേ അത്തരം സാഹചര്യങ്ങൾ ദൈവം അനുവദിക്കാവുന്നതാണെന്നു തിരുവെഴുത്ത് പറയുന്നു. ഇവിടെ ഹബക്കൂക്പ്രവാചകൻ എടുത്ത തീരുമാനമാണ് നാം എടുക്കേണ്ടത്.

**ഹബക്കൂക് 3:19**

*യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു. അവൻ എന്റെ കാൽ പേടമാൻകാൽപോലെ ആക്കുന്നു. ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു. സംഗീതപ്രമാണിക്കു, തന്ത്രിനാദത്തോടെ.*

**കർത്താവ് എന്റെ ബലം**. പണമോ, സ്വാധീനമോ, അധികാരമോ, മക്കളോ, ജോലിയോ ഒന്നുമല്ല തന്റെ ബലമെന്നും കർത്താവാണ് തന്റെ ബലമെന്നും ഹബക്കൂക്പ്രവാചകൻ അവകാശപ്പെട്ടിരിക്കുന്നു.

**അവൻ എന്റെ കാൽ പേടമാൻകാൽപോലെ ആക്കുന്നു.** പാറക്കെട്ടുകളും ഗർത്തങ്ങളും മുൾപ്പടർപ്പുകളും ചാടിക്കടക്കാൻ പേടമാന് കഴിയും. പേടമാൻ, ബലമുള്ള സിംഹംപോലുള്ള ഒരു ജീവിയല്ല. പക്ഷേ മുന്നിലുള്ള തടസ്സങ്ങളെ ചാടിക്കടക്കാനുള്ള കഴിവ് അതിന്റെ കാലുകൾക്കുണ്ട്. ദൈവം നമ്മുടെ കാലുകളെ പേടമാന്റെ കാലുകൾ പോലെയാക്കും. അതായത്, ഏത് വിഷമഘട്ടത്തേയും തരണം ചെയ്യാൻ ദൈവം നമ്മെ സഹായിക്കും.

**ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു.** ഉന്നതികൾ, അതായത് ഉയർന്ന സ്ഥലങ്ങൾ. ദൈവം ഉന്നതികളിന്മേൽ നടക്കുന്നവനാണ്. ആ ദൈവത്തോടുകൂടി നാമും നടക്കും. ദൈവത്തിന്റെ ഔന്നത്യം നാം അംഗീകരിക്കുകയും ദൈവം വച്ചിരിക്കുന്ന ധാർമ്മികനിലവാരത്തിന്റെയും വിശുദ്ധിയുടെയും ഭക്തിയുടെയും ഔന്നത്യങ്ങൾ എത്തിപ്പിടിക്കാൻ നാം ശ്രമിക്കുകയും വേണം. ദൈവത്തെ മാനിക്കുന്നവനെ ഉന്നതികളിന്മേൽ ദൈവം നടത്തും.

**സംഗീതപ്രമാണിക്ക്.** ഹബക്കൂകിന്റെ ഈ ഗീതം സംഗീതപ്രമാണിക്ക് സമർപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ ആലയത്തിൽ സംഗീതവിഭാഗം കൈകാര്യം ചെയ്യുന്ന സംഗീതപ്രമാണിക്ക് ("To the choirmaster" - RSV) ഈ ഗാനം സമർപ്പിച്ചുകൊണ്ട്, ഈ ഗാനം തലമുറകൾക്കുവേണ്ടി ശേഷിപ്പിക്കുകയാണ് പ്രവാചകൻ ചെയ്തത്. ദൈവാലയത്തിലെ ശുശ്രൂഷകളിൽ, വിഭ്രമരാഗത്തിൽ (3:1) ഒരുക്കിയ ഈ പ്രാർത്ഥനാഗീതം പാടുമ്പോൾ അനേകർക്ക് ആശ്വാസവും പ്രോത്സാഹനവും ലഭിക്കും.

**തന്ത്രിനാദത്തോടെ.** ("with stringed instruments" - RSV) വയലിൻ, ഗിറ്റാർ പോലെയുള്ള വാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാടാനുള്ള നിർദ്ദേശമാണ് ഗാനരചയിതാവ് കൂടിയായ ഹബക്കൂക് നിർദ്ദേശിക്കുന്നത്. ഒരു പക്ഷേ സ്വന്തം വാദ്യോപകരണത്തിൽ അദ്ദേഹം ട്യൂൺ ഏതാണെന്ന് നിർദ്ദേശിച്ചുവെന്നും ചിന്തിക്കാവുന്നതാണ്.

**(അവസാനിച്ചു)**

വാർത്ത

# ഗ്ലോറിയ ഫെലോഷിപ്പും പുതിയ ചുവടുവയ്പും!

**-എംവിഎസ്-**

തൃശ്ശൂരിലെ വിവിധ വേർപാട്സഭകളുടെ ഐക്യവേദിയായി **ഗ്ലോറിയ ഫെലോഷിപ്പ്** എന്ന സംഘടനയെ വിശേഷിപ്പിക്കാം. ഡോ. എ. സി. ജോസ് (തൃശ്ശൂർ) ആണ് ഇതിന്റെ സ്ഥാപകൻ. ദൈവജനത്തിനുവേണ്ടി നിരവധി പ്രോഗ്രാമുകൾ ഇവർ ഇതിനോടകം അവതരിപ്പിച്ചുകഴിഞ്ഞു.

**ഗ്ലോറിയ മ്യൂസിക് ഫെസ്റ്റിവൽ-2022:** തൃശ്ശൂർ ശക്തൻ ബസ് സ്റ്റാൻഡിന് സമീപമുള്ള ഗ്രൗണ്ടിൽ നടത്തിയ ഈ സംഗീതപ്രോഗ്രാമോടുകൂടിയാണ് 'ഗ്ലോറിയ' അവരുടെ വരവറിയിച്ചത്. കെ. ജി. മാർക്കോസ്, ബിനോയ് ചാക്കോ, കുട്ടിയച്ചൻ, ദലീമ തുടങ്ങിയ വലിയ ഗായകനിരയും സംഗീതക ലാകാരന്മാരും അണിനിരന്ന ഒരു പ്രോഗ്രാമായിരുന്നു അത്.

**ഗ്ലോറിയ പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ്-2022:** തൃശ്ശൂരിൽ സംഘടിപ്പിച്ച ഈ പ്രോഗ്രാം ബ്രദർ പി. ജി. വർഗ്ഗീസും സിസ്റ്റർ ലില്ലി വർഗ്ഗീസും ആണ് നയിച്ചത്. കർത്തൃശുശ്രൂഷയിൽ 50 വർഷം പൂർത്തിയാ ക്കിയ ദൈവദാസന്മാരെ ആദരിക്കുന്ന ചടങ്ങും ഇതോടുള്ള ബന്ധത്തിൽ ക്രമീകരിച്ചിരുന്നു.

കർത്തൃശുശ്രൂഷകരുടെ കുടുംബസംഗമം, യൂത്ത് കോൺഫറൻസുകൾ എന്നിവയെല്ലാം 2023 ൽ വിജയകരമായി നടത്താൻ ഈ സംഘടനയ്ക്ക് കഴിഞ്ഞു.

2024 മാർച്ചിലെ 'പീഡാനുഭവആഴ്ച'യിൽ 'ക്രൂശിന്റെ വഴിയിൽ' എന്ന പേരിൽ റോഡ് ഷോ നടത്തി. യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ ദൃശ്യാവിഷ്കാരമായിരുന്നു ഇതിലൂടെ അവതരിപ്പിച്ചത്. തൃശ്ശൂർജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഈ പരിപാടി അവർ അവതരിപ്പിച്ചിരുന്നു.

**പുതിയ ചുവട്വയ്പ്: പ്രി-മാര്യേജ് കൗൺസിലിംഗ് സെമിനാർ**

വേർപാട് സഭകളിലെ യുവജനങ്ങൾക്കുവേണ്ടി ഇപ്രകാരമൊരു പരി പാടി തുടർച്ചയായി നടത്താനുള്ള തീരുമാനം ഗ്ലോറിയ ഫെലോഷിപ്പ് എടു ത്തത് പുതിയൊരു ചുവടുവയ്പ് തന്നെയാണ്. കുടുംബബന്ധങ്ങൾ ശിഥി ലമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, വിവാഹിതരാകാൻ ആഗ്ര ഹിക്കുന്ന യുവതലമുറയ്ക്ക് ആത്മീയവും മാനസികവും ശാരീരികവും

സാമ്പത്തികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിന്റെ പ്രാരംഭമെന്നോണം ഒരു ഏകദിനസെമിനാർ 2024 ഏപ്രിൽ 15 ന് തൃശ്ശൂർ ക്രൗൺ ടവറിൽവച്ച് നടത്തുകയുണ്ടായി. അന്ന് അവിടെ നാലു വ്യത്യസ്ത വിഷയങ്ങളെ ആധാരമാക്കി ക്ലാസ്സുകൾ എടുക്കുകയുണ്ടായി.

| വിഷയം | ക്ലാസ്സെടുത്തവർ |
|---|---|
| Session I<br>**ഫാമിലി ബഡ്ജറ്റ്** | **ജെനി കെ. തിമോത്തി** *(LLB, MSW)*<br>*(കുടുംബകോടതി കൗൺസിലർ)* |
| Session II<br>**കുടുംബവും നിയമങ്ങളും** | **വിൻസന്റ് ചാർളി**<br>*(റിട്ടയേഡ് ജഡ്ജ്)* |
| Session III<br>**കുടുംബവും മാനസികതലങ്ങളും** | **സാം തോമസ് മാത്യു** *(MSc.,MPhil)*<br>*(ക്ലിനിക്കൽ സൈക്കോളജിസ്റ്റ്)* |
| Session IV<br>**കുടുംബം: പൊരുത്തവും പൊരുത്തക്കേടുകളും** | **എം. വി. സെബാസ്റ്റ്യൻ** *(MA,MPhil,PhD)*<br>*(എഡിറ്റർ, റിയൽ ലൈഫ് വോയ്സ്)* |

വേർപെട്ട സഭകളുടെ മധ്യത്തിൽ ഇത്തരമൊരു ഉദ്യമം ആദ്യമായിട്ടാണെന്നും, തുടർന്നുള്ള മാസങ്ങളിൽ 12 വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 3 ദിവസങ്ങളിലായി ഇത്തരം സെമിനാറുകൾ നടത്താൻ ആഗ്രഹിക്കുന്നതായും ഗ്ലോറിയ ഫെലോഷിപ്പിന്റെ ഭാരവാഹികൾ അറിയിച്ചു. മൂന്നു ദിവസത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

രക്ഷിക്കപ്പെട്ട, 18 വയസ്സോ അതിനു മുകളിലോ പ്രായമുള്ള യുവതികൾക്കും 21 വയസ്സോ അതിനു മുകളിലോ പ്രായമുള്ള യുവാക്കൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടായിരിക്കും. *(രജിസ്ട്രേഷൻ ഫീസ് പോലും വാങ്ങിക്കാതെയാണ് ഗ്ലോറിയ ഇതുവരെയുള്ള പ്രോഗ്രാമുകൾ നടത്തിയിട്ടുള്ളത് എന്നത് ശ്ലാഘനീയമായ കാര്യമാണ്)*

വിശദവിവരങ്ങൾക്ക്: **Dr. A. C. Jose,** Chairman **(93884 41201)**

**Pr. C. V. Lazar,** Coordinator **(80865 56355)** ❍

# ഇമ്മാനുവിന്റെ സംശയങ്ങൾ

43

## എംവിഎസ്

### മൂന്നു ചോദ്യങ്ങൾ!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

"പപ്പാ, ഇന്ന് ഒരുപാട് സംശയങ്ങളൊന്നും എനിക്കില്ല. മൂന്നേ മൂന്ന് സംശയങ്ങളേ ഉള്ളൂ"

ഇമ്മാനു എന്നോട് പറഞ്ഞു. ഞാൻ ഒന്നും മിണ്ടിയില്ല. നാലാംക്ലാസ്സിൽ പഠിക്കുന്നവനാണെന്നു പറഞ്ഞിട്ട് കാര്യമില്ല, അവൻ ചോദിക്കുന്ന സംശയങ്ങൾക്ക് മറുപടി പറയാൻ പോയാൽ എനിക്ക് പ്രഷറിളകി ഞാൻ വയലന്റായിപ്പോകും.

"പപ്പാ എന്തേ ഒന്നും മിണ്ടാത്തത്? വെറും മൂന്നു സംശയങ്ങളേ ഉള്ളൂ പപ്പാ"

ഞാൻ അവനെ തുറിച്ചുനോക്കി. എന്റെ മട്ടും ഭാവവും മാറുന്നത് കണ്ട് എന്റെ ഭാര്യ പറഞ്ഞു: "ഡാ, ഇമ്മാനു ദേ അന്ത്രോസ്ബ്രദറ് വരുന്നുണ്ട്. നിന്റെ സംശയങ്ങള് അന്ത്രോസങ്കിളിനോട് ചോദിക്ക്"

"അതേയതേ, ഇമ്മാനുട്ടാ എന്നോട് ചോദിക്ക്'' എന്നും പറഞ്ഞ് അന്ത്രോസ്ബ്രദറ് ഓടിവന്നു.

''എത്ര പഠിച്ചിട്ടും പഠിക്കാത്ത ജന്മം" ഞാൻ അന്ത്രോസ്ബ്രദറിനെ നോക്കി പിറുപിറുത്തു.

''എന്റെ ഒന്നാമത്തെ സംശയം ഇതാണ്" ഇമ്മാനു പറഞ്ഞുതുടങ്ങി "ഗാന്ധിജി അഹിംസയെപ്പറ്റി പറഞ്ഞുവല്ലോ. ജന്തുക്കളടക്കം സകല ജീവികളോടും ഹിംസ പാടില്ല. എങ്കിൽ രോഗാണുക്കളെ കൊല്ലാൻ നാം മരുന്ന് കഴിക്കാൻ പാടുണ്ടോ?"

ചോദ്യം കേട്ട അന്ത്രോസ്ബ്രദർ ചിരിച്ചുകൊണ്ട് നിന്നു. പെട്ടെന്നാണ് ഇറ്റ്യാനംചേടത്തി അവിടേക്ക് വരുന്നത് അന്ത്രോസ്ബ്രദറ് കണ്ടത്.

''ഇമ്മാനു, ദേ ഇറ്റ്യാനം വരുന്നുണ്ട്. ഈ നിസ്സാരചോദ്യത്തിന് ഇറ്റ്യാനം മറുപടി പറയും. വല്ല ടഫ് ചോദ്യമുണ്ടെങ്കിൽ ഞാൻ മറുപടി പറയാം"

"ഊം" ഇമ്മാനു ഒന്നു അമർത്തി മൂളി. പിന്നീട് സംശയം ഇറ്റ്യാനംചേടത്തിയോട് ചോദിച്ചു.

ഉടനെ വന്നു ഇറ്റ്യാനത്തിന്റെ തഗ്ഗ് ഡയലോഗ്: "മരുന്ന് കഴിക്കുമ്പോൾ നമ്മളല്ലല്ലോ രോഗാണുവിനെ കൊല്ലുന്നത്, മരുന്നല്ലേ?"

ഇറ്റ്യാനത്തിന്റെ മറുപടി കേട്ട് അന്ത്രോസ്ബ്രദറിനു പോലും ഇറ്റ്യാനത്തോട് ബഹുമാനം തോന്നിപ്പോയി. എങ്കിലും അത് പുറത്ത് കാണിക്കാതെ, ആജന്മശത്രുവായ ഇറ്റ്യാനത്തെ പുച്ഛത്തോടെ നോക്കിനിന്നു.

മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം. ഭാഗ്യം, ഇനി മൂപ്പൻ നോക്കിക്കൊള്ളും. ഞാൻ നെടുവീർപ്പിട്ടു.

ഇമ്മാനുവിന്റെ ഒന്നാമത്തെ സംശയത്തിന് മൂപ്പൻ മറുപടി നൽകി:

"ഇമ്മാനു, മനുഷ്യനാണ് നാം മുൻഗണന കൊടുക്കേണ്ടത്. മൃഗങ്ങൾക്കോ രോഗാണുക്കൾക്കോ അല്ല. മനുഷ്യന് ഭീഷണിയാകുന്ന രോഗാണുക്കളെ നശിപ്പിക്കണം"

"രോഗാണുക്കളെ നശിപ്പിക്കാൻ പാടില്ലെങ്കിൽ, നാം പല്ല് തേയ്ക്കാൻ പാടില്ല എന്നുപോലും പറയേണ്ടി വരും. കൊറോണവൈറസിനെതിരെ നാം പോരാടിയില്ലേ? അതൊന്നും അഹിംസയുടെ നിർവചനത്തിൽ പെടുന്നതല്ല"

"കൊതുകിനെ കൊല്ലുന്നതോ മൂട്ടയെ നശിപ്പിക്കുന്നതോ ഒന്നും അഹിംസയുടെ പരിധിയിൽ ഉൾപ്പെടുത്താൻ പറ്റില്ല. അഹിംസയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്ന രാജ്യങ്ങളിലും പട്ടാളവും പോലീസും ജയിലും ഒക്കെയുണ്ടല്ലോ"

"ഉപദ്രവകാരികളായ തെരുവുപട്ടികളെ കൊല്ലരുത്, കാട്ടുപന്നികളെ കൊല്ലരുത് എന്നീ നിയമങ്ങളെല്ലാം വിവരമില്ലാത്ത കുറെ ആളുകൾ ഉണ്ടാക്കിയിട്ടുള്ളവയാണ്"

മൂപ്പൻ ഇങ്ങനെ പറഞ്ഞപ്പോൾ ഇറ്റ്യാനം ഉടനെ പറഞ്ഞു. "മനുഷ്യനെ നശിപ്പിക്കുന്ന മൃഗങ്ങളെ പിന്താങ്ങുന്ന ഇവരെയെല്ലാം മൃഗങ്ങളോടുകൂടെ ഒരു കൂട്ടിൽ പാർപ്പിക്കുകയാണ് വേണ്ടത്"

മൂപ്പൻ തുടർന്നു: "ദൈവം മനുഷ്യനാണ് മുൻതൂക്കം കൊടുത്തിരിക്കുന്നത്. രോഗം വന്നാൽ ചികിത്സിക്കാനുള്ള നിർദ്ദേശം ബൈബിളിലുണ്ട്. അപ്രകാരം ചികിത്സിക്കുമ്പോൾ രോഗാണുക്കളെ നശിപ്പിക്കയാണല്ലോ ചെയ്യുന്നത്"

ഇമ്മാനു തലയാട്ടി.

"മൂപ്പനങ്കിൾ, ഞാൻ എന്റെ രണ്ടാമത്തെ സംശയം ചോദിക്കട്ടെ"

"ങാ, ചോദിക്കൂ. അറിയാവുന്നതാണേൽ മറുപടി പറയാം"

"എന്റെ പൂച്ചക്കുഞ്ഞിനോട് സുവിശേഷം പറഞ്ഞുകൂടേ? സർവസൃഷ്ടിയോടും സുവിശേഷം പറയണമെന്നല്ലേ ബൈബിൾ പറയുന്നത്?"

എനിക്ക് പെട്ടെന്ന് ദേഷ്യം വന്നു. "നെന്റെ തലേടെ ഫിലമെന്റ് അടിച്ചു തകർക്കും ഞാൻ"

"ശാന്തനാകൂ ബ്രദറേ" മൂപ്പൻ എന്നോട് പറഞ്ഞു. പിന്നീട് ഇമ്മാനുവിനോട്: "സകല സൃഷ്ടിയോടും സുവിശേഷം പറയാൻ നിർദ്ദേശിച്ചത് മർക്കൊസ് 16:15 ലാണ്. തൊട്ടടുത്ത വാക്യത്തിൽ പറയുന്നത്, വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ്. അപ്പോൾ വിശ്വസിക്കാനും സ്നാനമേൽക്കാനും പറഞ്ഞാൽ മനസ്സിലാകുന്നവരോടാണ് സുവിശേഷം പറയേണ്ടത് എന്നു വ്യക്തമായില്ലേ? പൂച്ചയ്ക്കും പട്ടിക്കും ഒന്നും ഈ വക കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാകില്ല. അതുകൊണ്ട് അവയോടൊന്നും സുവിശേഷം പറയേണ്ട കാര്യമില്ല"

“ഇനി വല്ല സംശയവുമുണ്ടോ ഇമ്മാനുട്ടാ?” ഇറ്റ്യാനംചേടത്തി ഇമ്മാനുവിനെ പ്രോത്സാഹിപ്പിച്ചു.

“ഒരെണ്ണംകൂടിയുണ്ട്. ശ്വാസകോശം പുറംതള്ളുന്ന വിസർജ്ജ്യമാണ് കാർബൺഡൈഓക്സൈഡ് എന്ന് ഞങ്ങൾക്ക് പഠിക്കാനുണ്ട്. സോഡ, പെപ്സി, കൊക്കക്കോള എന്നിവയിലെല്ലാം കാർബൺഡയോക്സൈഡ് ആണ് കലർത്തിയിട്ടുള്ളത് എന്ന് പപ്പാ പറയുന്നതു കേട്ടു. അപ്പോൾ വിസർജ്ജ്യമായ കാർബൺഡയോക്സൈഡ് കലർത്തിയ ഈ വക സാധനങ്ങൾ നാം കുടിക്കാൻ പാടുണ്ടോ?”

ഇവന്റെയൊരു കാര്യം എനിക്ക് പിന്നെയും ദേഷ്യം വന്നു. “നീ കുടിക്കണ്ടടാ...” ഞാൻ അലറി.

അപ്പോഴേക്കും ഇറ്റ്യാനംചേടത്തി അവിടെനിന്ന് “ഘ്വാാാ...” എന്ന് ഓക്കാനിക്കാൻ തുടങ്ങി.

“എന്തുപറ്റി ഇറ്റ്യാനം? പുറം ഞാൻ ഉഴിഞ്ഞുതരണോ?” അന്ത്രോസ്ബ്രദർ ഇതും ചോദിച്ച് അടുത്തേക്ക് ചെന്നു.

ഇറ്റ്യാനം ഒരു ചീറ്റൽ! “അമ്മാതിരി കമന്റ് വേണ്ട” അതു കേട്ടതോടെ, അന്ത്രോസ്ബ്രദർ അകന്നുമാറി.

“എന്തു പറ്റി ഇറ്റ്യാനംചേടത്തി?” മൂപ്പൻ ചോദിച്ചു.

“ഞാൻ രണ്ടാഴ്ച മുമ്പ് ഒരു സോഡ കഴിച്ചിരുന്നു. അത് വിസർജ്ജ്യം കലർത്തിയതായിരുന്നൂല്ലോ എന്നോർത്തപ്പോ എനിക്ക് ഒരു മനം പുരട്ടൽ”

“എന്താണ് മനംപുരട്ടൽ?” ഉടനെ വന്നു ഇമ്മാനുവിന്റെ ചോദ്യം.

കിട്ടിയ അവസരമെടുത്ത് അന്ത്രോസ്ബ്രദർ നിറഞ്ഞാടി: “അത് ഗർഭിണികൾക്ക് വരുന്ന ഒരുതരം ഫീലിംഗ് ആണ്” ഇതുകേട്ടപ്പോൾ ഇറ്റ്യാനം രൂക്ഷമായി അന്ത്രോസ്ബ്രദറിനെ നോക്കി.

രംഗം വഷളാവുന്നതു കണ്ട മൂപ്പൻ ഇമ്മാനുവിനോട് ഇങ്ങനെ മറുപടി പറഞ്ഞു:

“നമുക്കാവശ്യമില്ലാത്തവ നമ്മുടെ ശരീരത്തിൽനിന്ന് പുറംതള്ളപ്പെടുമ്പോഴാണ് അവ വിസർജ്ജ്യമാകുന്നത്. ഉദാഹരണമായി മൂത്രത്തിൽ വെള്ളമുണ്ട്. എന്നു കരുതി വെള്ളം വിസർജ്യമല്ല. നാം വെള്ളം കുടിക്കണം. നമ്മുടെ ശരീരത്തിനുള്ള ആവശ്യം കഴിഞ്ഞുള്ള വെള്ളം ആവശ്യമില്ലാത്ത മറ്റു ലവണങ്ങളുമായി കലർന്ന് മൂത്രമായി പുറത്തേക്ക് വരുന്നു”

“ഇതുപോലെത്തന്നെയാണ് കാർബൺഡയോക്സൈഡിന്റെ കാര്യവും. നാം ശ്വസിക്കുന്ന വായുവിനോടൊപ്പം കാർബൺഡയോക്സൈഡും ശ്വാസകോശത്തിലെത്തുന്നു. അത് നമുക്ക് ആവശ്യമില്ലാത്തതിനാൽ ശ്വാസകോശം പുറംതള്ളുന്നു.”

“അതായത്...” അന്ത്രോസ്ബ്രദറിന്റെ വിശദീകരണം “...പേരയ്ക്കയുടെ കുരു ദഹിക്കാതെ നമ്മുടെ വയറ്റീന്ന് വന്നുവെന്നു കരുതി നാം പേരയ്ക്ക കഴിക്കാതിരിക്കോ?”

ഇറ്റ്യാനം “ഘ്വാ” എന്ന് ഓക്കാനിച്ച് ഛർദ്ദിക്കാനായി ഓടി.

# ഓഫർ

ചെറുകഥ

**-എംവിഎസ്-**

പാസ്റ്ററും ഭാര്യയും വീട്ടിൽ വന്ന് കയറി. അന്നത്തെ സുവിശേഷപ്രവർത്തനം അവരെ വലിയ തോതിൽ ക്ഷീണിതരാക്കിയിരുന്നു.

ഭവനസന്ദർശനമായിരുന്നു. ഒറ്റയൊരാളും അവരെ വീട്ടിൽ കയറ്റിയിരുത്തിയില്ല. പച്ചവെള്ളം പോലും ആരും കൊടുത്തുമില്ല.

തീരെ അവശരായിരുന്നു പാസ്റ്ററും ഭാര്യയും. വീട്ടിൽ അവർ കയറി വന്നപ്പോൾ, ഏഴാംക്ലാസ്സിലും അഞ്ചാം ക്ലാസ്സിലും പഠിക്കുന്ന അവരുടെ രണ്ട് പെൺമക്കൾ പ്രതീക്ഷയോടെ അവരുടെ കയ്യിലേക്ക് നോക്കി. ബിസ്കറ്റിന്റെ ചെറിയൊരു പാക്കറ്റ്, അതുമല്ലെങ്കിൽ റസ്കിന്റെ ഒരു പൊതി അവർ പ്രതീക്ഷിച്ചിരുന്നു.

വീട്ടിലെ സാഹചര്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടാൻ പഠിച്ച ആ മിടുക്കികൾ നിരാശ പ്രകടിപ്പിക്കാതെ പരസ്പരം നോക്കി പുഞ്ചിരിക്കുക മാത്രം ചെയ്തു.

പത്തിരുപത് പേരുണ്ട് സഭയിൽ. എല്ലാം കൂലിപ്പണിക്കാരാണ്. അവർ കൊടുക്കുന്ന തുച്ഛമായ സ്തോത്രക്കാഴ്ചകൊണ്ട് മാത്രം കഴിയേണ്ട അവസ്ഥയാണ് ആ കുടുംബത്തിന് ഉണ്ടായിരുന്നത്.

അരി, പഞ്ചസാര തുടങ്ങി സകലതിലും ഒരോഹരി പാസ്റ്റർക്ക് കൊടുത്ത് സഭാംഗങ്ങൾ സഹായിച്ചിരുന്നു. പണമായി കൊടുക്കാൻ അവരുടെ കയ്യിൽ വേണ്ടത്രയുണ്ടായിരുന്നില്ല.

പിറുപിറുപ്പും പരാതിയുമില്ലാതെ പാസ്റ്ററും കുടുംബവും മുന്നോട്ടുപോയി. മക്കൾക്കും കാര്യമായ പരാതിയൊന്നും ഇല്ലായിരുന്നു.

"അമ്മേ, ഇന്നത്തെ കഞ്ഞിയിൽ വെള്ളം വളരെ കൂടുതലാണല്ലോ." ഇങ്ങനെ ചോദിച്ച് മൂത്ത മകൾ ഇളയവളുടെ നേരെ നോക്കി കണ്ണിറുക്കിക്കാണിച്ചു.

"ചമ്മന്തിയിലും വെള്ളത്തിന് കുറവില്ല" രണ്ടാമത്തവളുടെ കമന്റ്.

oooooooooooooo

ഇനോവാ കാർ ഒരെണ്ണം വീട്ടുമുറ്റത്ത് വന്നുനിന്നപ്പോൾ പാസ്റ്റർ ആകാംക്ഷയോടെ നോക്കി.

വെള്ളവസ്ത്രം ധരിച്ച് നാലുപേർ അതിൽനിന്നും ഇറങ്ങി.

"വിശുദ്ധിയുടെ അടയാളമാണ് വെള്ള" മൂത്തവൾ ഇളയവളോട് പതുക്കെ പറഞ്ഞു.

"പക്ഷേ അവരുടെ പാന്റ്സ് കറുപ്പാണല്ലോ" ഇളയവളുടെ സംശയം.

"വിശുദ്ധി അരയ്ക്കു മുകളിൽ മാത്രം മതി എന്നു വിചാരിച്ചുകാണും" മൂത്തവളുടെ വിശദീകരണം.

മക്കൾ രണ്ടുപേരെയും പാസ്റ്റർ രൂക്ഷമായി ഒന്നു നോക്കി.

''പ്രെയ്സ് ലോഡ് പാസ്റ്ററേ... ഇത് ഞങ്ങടെ സെന്റർ പാസ്റ്ററാണ്...''

അവർ പരിചയപ്പെടുത്തി. പാസ്റ്റർ അവരെ വീട്ടിലേക്ക് സ്വാഗതം ചെയ്തു. ഇരിക്കാൻ കസേര കൊടുത്തു. നാലു കസേര മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതും പഴയതും കുറച്ചൊക്കെ തുരുമ്പെടുത്തതും ആയിരുന്നു.

“സൗകര്യങ്ങൾ വളരെ കുറവാണ്” പാസ്റ്റർ അല്പം സങ്കോചത്തോടെ പറഞ്ഞു. മറ്റൊരു കസേര ഇല്ലാത്തതുകൊണ്ട് പാസ്റ്ററും ഭാര്യയും മക്കളും അവിടെ അടുത്തു നിന്നു.

“നമുക്ക് സൗകര്യങ്ങളെല്ലാം വർദ്ധിപ്പിക്കണ്ടെ. അതിനുള്ള മാർഗ്ഗവുമായിട്ടാണ് കർത്താവ് ഞങ്ങളെ ഇങ്ങോട്ട് അയച്ചിരിക്കുന്നത്” സെന്റർപാസ്റ്റർ പറഞ്ഞു.

“കുടിക്കാൻ ചുടുവെള്ളം എടുക്കട്ടെ” പാസ്റ്ററുടെ ഭാര്യ ചോദിച്ചു

“അയ്യയ്യോ വേണ്ട! ഇപ്പൊ തന്നെ അൽഫാമും പൈനാപ്പിളിന്റെ ഫ്രഷ് ജ്യൂസും വിഴുങ്ങിയതാണ്. ഇനി വയറ്റിൽ സ്ഥലമില്ല'' ഇതും പറഞ്ഞ് സെന്റർപാസ്റ്റർ കുടവയർ കുലുക്കി, ചിരിച്ചു.

മൂത്തവൾ ഇളയവളെ അകത്തേക്ക് വലിച്ചു. എന്നിട്ട് പതുക്കെ പറഞ്ഞു. “ആ സെന്റർപാസ്റ്റർ ചിരിക്കുമ്പോൾ നമ്മുടെ അപ്പുറത്തെ ചേട്ടൻ ഡീസൽബുള്ളറ്റ് സ്റ്റാർട്ടാക്കുന്ന ശബ്ദം. അല്ലേടി?'' ഇളയവൾ വാപൊത്തി ചിരിച്ചു.

''ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുക'' സെന്റർപാസ്റ്റർ പറഞ്ഞു. “നിങ്ങടെ സഭ ഞങ്ങളുമായി ചേരുക. ഞങ്ങടെ സഭേടെ ബോർഡ് വയ്ക്കണം. പുതിയ സ്ഥലം വാങ്ങി നല്ലൊരു സഭാഹാള് ഞങ്ങള് പണിതു തരും. അവിടെ നിങ്ങക്ക് താമസിക്കാൻ നല്ലൊരു പാഴ്സണേജും ഉണ്ടാകും. ടിവി, ഫ്രിഡ്ജ് എല്ലാമുണ്ടാകും. എല്ലാ മാസവും ചുരുങ്ങിയത് പതിനയ്യായിരം രൂപയും തരും. എന്തു പറയുന്നു?”

ഇളയവളുടെ വിടർന്ന വായ് മൂത്തവൾ അടച്ചുപിടിച്ചു.

പാസ്റ്ററുടെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. ഇത്രേം വലിയ ഓഫർ താങ്ങാനുള്ള ശേഷി അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നു വ്യക്തം.

“കൂടാതെ വിദേശയാത്രകളെല്ലാം നടത്താനുള്ള സൗകര്യം ചെയ്തുതരാം. പാസ്സ്പോർട്ട് വേഗം എടുക്കണം. എന്താ ഒന്നും പറയാത്തത്?..... നാളെ ഞങ്ങള് വരാം. അപ്പോഴേക്കും ആലോചിച്ച് പറയൂ” സെന്റർപാസ്റ്റർ ഇങ്ങനെ പറഞ്ഞപ്പോൾ പാസ്റ്റർ തലയാട്ടി.

oooooooooooooo

“നമുക്ക് രണ്ട് പെൺമക്കളാണ്. എന്നും ദാരിദ്ര്യവും. ഈ ഓഫർ നാം സ്വീകരിക്കണം. നമുക്കും ബൈക്കിൽ സഞ്ചരിക്കണം. നല്ലൊരു വീട് വേണം. നല്ല വസ്ത്രങ്ങൾ വേണം. ദൈവായിട്ട് കൊണ്ടുവന്നതാ അവരെ” ഭാര്യ പാസ്റ്ററെ നന്നായി ‘മോട്ടിവേറ്റ്’ ചെയ്തു. പാസ്റ്റർ തലയാട്ടി.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th May 2024

Posted at
Thrissur RMS

**ആനുകാലികം**

## വോട്ട് ചെയ്തത് മൂക്കുകൊണ്ട്!

26-04-2024 ൽ നടന്ന ലോകസഭാഇലക്ഷനിൽ ആസിം എന്ന പതിനെട്ടുകാരൻ വോട്ട് രേഖപ്പെടുത്തിയത് മൂക്കുകൊണ്ടായിരുന്നു. ഇരുകൈകളുമില്ലാതെ ജനിച്ച ആസിം ഒന്നിനോടും തോൽക്കാൻ തയ്യാറില്ലായിരുന്നു. ജന്മനാ രണ്ടു കൈകളും ഇല്ല, വലതുകാലിന് ഭാഗിക വൈകല്യമുണ്ട്, ഒരു ചെവിക്ക് കേൾവിശക്തിയും കുറവാണ്. എന്നിട്ടും പെരിയാർ നീന്തിക്കടന്ന് താരമായ വ്യക്തിയാണ് ആസിം. അന്ന് ആസിമിന് പതിനഞ്ചു വയസ്സുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു മണിക്കൂറും ഒരു മിനിറ്റും ആണ് പെരിയാർ നീന്തിക്കടക്കാൻ ആസിം എടുത്ത സമയം.

പതിനെട്ടു വയസ്സായപ്പോൾ വോട്ട് ചെയ്യാൻ ആസിം തയ്യാറായി. മഷി പുരട്ടാൻ കൈവിരലുകൾ ഇല്ലാത്തതുകൊണ്ട് കാലിലെ തള്ള വിരലിൽ ആണ് മഷി പുരട്ടിയത്. തുടർന്ന് മൂക്കുകൊണ്ട് വോട്ട് രേഖപ്പെടുത്തുകയും ചെയ്തു. വെളിമണ്ണ ഗവ. യുപിസ്കൂളിലെ ബൂത്തിൽ ഇതിനെല്ലാം വേണ്ട പ്രത്യേകം സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ഭിന്നശേഷിക്കാർക്ക് തന്റെ വോട്ട് പ്രചോദനമാകട്ടെ എന്നാണ് ആസിം പ്രതികരിച്ചത്.

“ഭിന്നശേഷിയുള്ള ആളുകൾ അവരുടെ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങേണ്ട ആവശ്യമില്ല. അവർ സമൂഹത്തിലെ എല്ലാവരോടുമൊപ്പം വളരുകയും സജീവമായിരിക്കുകയും വേണം.” ഇതാണ് ആസിമിന് പറയാനുള്ളത്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V